## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 441

10.06.2014- ൽ മറുപടിക്ക്

### കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ് . | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| എ) കൊള്ളപ്പലിശക്കാരിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) സ്വകാര്യ പണമിടപാടുകാരിൽ നിന്നും സാധാരണക്കാരെ രക്ഷിക്കാൻ സഹകരണ വകുപ്പ് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ദാരിദ്ര്യ രേഖയ്ക്ക് താഴെ വന്നിട്ടുള്ളവർ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ എന്നിവർക്ക് പരമാവധി 5,000/- രൂപ വരെ വായ്പകൾ, സ്വന്തം ജാമ്യത്തിൽ, അപേക്ഷിച്ചാൽ 2 ദിവസത്തിനകം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. അപേക്ഷിച്ച് പരമാവധി 15 ദിവസത്തിനകം സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>3. ജനങ്ങൾക്ക് വളരെ വേഗത്തിൽ വായ്പ ലഭിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ സംഘം/ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണി വരെ, 12 മണിക്കൂറായി ദീർഘിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.<br>4. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്ന് നൽകുന്ന വായ്പകൾക്ക് 16 ശതമാനം വരെ ഈടാക്കിയിരുന്ന പലിശ ഒരു ശതമാനം കുറച്ച് പരമാവധി 15 ശതമാനമായി നിജപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

5. സ്വർണ്ണപ്പണയ വായ്പ ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശ നിരക്ക് പരമാവധി 12 ശതമാനമായും നൽകുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഞായറാഴ്ചകളിൽ ബാങ്കിംഗ് പ്രവർത്തനം നടത്താൻ 'സൺഡേ ബാങ്കിംഗ്' നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിനു പുറമെ, 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകളും 50,000/- രൂപ വരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാനുള്ള നിർദ്ദേശം നിലവിലുണ്ട്. കൃത്യമായി വായ്പ മുതൽതുക തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല വിള വായ്പകളും നെൽകർഷകർക്കുള്ള വായ്പകളും പലിശ രഹിതമായി നൽകി വരുന്നു.

| | |
|---|---|
| ബി) ഉദാരവ്യവസ്ഥയിൽ പരമാവധി പലിശ ഇളവിൽ വായ്പകൾ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി 50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സ്വർണ്ണപ്പണയ വായ്പാ പരിധി ഉയർത്തുകയും സ്വർണ്ണപ്പണയങ്ങൾക്ക് പരമാവധി പലിശ നിരക്ക് 12 ശതമാനമായി നിജപ്പെടുത്തിയിട്ടുമുണ്ട്. ഇതിനു പുറമെ ഹ്രസ്വകാല വിള വായ്പകളും നെൽകർഷകർക്കുള്ള വായ്പയും കൃത്യമായി മുതൽ തുക തിരിച്ചടയ്ക്കുന്നവർക്ക് പലിശ രഹിത വായ്പയായി നൽകി വരുന്നു. ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന പലിശ ബാധ്യത സർക്കാർ നൽകുന്നു. നിലവിൽ ഉദാര വ്യവസ്ഥയിലാണ് വായ്പകൾ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ